സംസ്ഥാന സർക്കാർ സർവ്വീസിലെ വിമുക്തഭടന്മാരുടെ ഹയർഗ്രേഡ്

83(1338) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിമുക്തഭടന്മാർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ ഹയർ ഗ്രേഡ് സൈനിക സേവന ദൈർഘ്യം കണക്കാക്കി നൽകിവന്നിരുന്നോ;

(ബി) ജി.ഒ. (പി) 622/2003/ഫിൻ ഉത്തരവുപ്രകാരം ഹയർഗ്രേഡിന് മാറ്റം വരുത്തിയിട്ടുണ്ടോ; ഈ ജി.ഒ.-യുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ ഉത്തരവിനെതിരെ ഏതെങ്കിലും കേസ് നിലനിൽക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത കേസ്സിന്റെ വിധിക്കെതിരെ സർക്കാർ സ്പെഷ്യൽ ലീവ് പെറ്റീഷൻ സുപ്രീം കോടതിയിൽ നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നിലവിലുള്ള കോടതി വിധിക്കനുസൃതമായി ഈ ആനുകൂല്യം വിമുക്തഭടന്മാരായ ജീവനക്കാർക്ക് ലഭ്യമാകത്തക്ക തരത്തിൽ ഉത്തരവ് പുതുക്കി വിമുക്തഭടന്മാരായ ജീവനക്കാരെ സഹായിക്കാൻ തയ്യാറാകുമോ?

ഉത്തരം

(എ) വിമുക്ത ഭടൻമാർക്ക് അവരുടെ മുൻകാല സൈനിക സേവന ദൈർഘ്യം കണക്കാക്കി ചില നിബന്ധനകൾക്കു വിധേയമായി സർക്കാർ സർവ്വീസിൽ ഹയർഗ്രേഡ് നൽകാറുണ്ട്.

(ബി) 26-11-2003 ലെ ജി.ഒ.(പി) നമ്പർ 622/2003/ഫിൻ ഉത്തരവു പ്രകാരം വിമുക്ത ഭടൻമാർക്ക് അവരുടെ മുൻകാല സൈനിക സേവനം പരിഗണിച്ച് സംസ്ഥാന സർക്കാർ സർവ്വീസിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ടുണ്ടായിരുന്ന ചില വ്യവസ്ഥകൾക്ക് മാറ്റം വരുത്തിയിട്ടുണ്ട്. പകർപ്പ് ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

(സി) 26-11-2003-ലെ ഉത്തരവിനെതിരെ കേസ് നിലവിലുണ്ട്. പ്രസ്തുത കേസിലെ ഹൈക്കോടതി വിധിക്കെതിരെ സർക്കാർ സുപ്രീം കോടതിയിൽ SLP (CC) No:1913/2011 ഫയൽ ചെയ്യുകയുണ്ടായി അതിൻമേൽ ബഹു സുപ്രീം കോടതിയുടെ 7-2-2011-ലെ വിധിന്യായത്തിൽ ഹൈക്കോടതിയിൽ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുവാൻ വിധി ആയിട്ടുണ്ട്.

(ഡി) വിമുക്ത ഭടൻമാർക്ക് അവരുടെ മുൻകാല സൈനിക സേവനം പരിഗണിച്ച് സംസ്ഥാന സർവ്വീസിൽ സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതു സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്കും വ്യവസ്ഥകൾക്കും എതിരാണ് ഹൈക്കോടതി വിധി ടി വിധിക്കെതിരെ റിവ്യൂ പെറ്റീഷൻ ഫയൽ ചെയ്യുവാൻ സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. പ്രസ്തുത പെറ്റീഷന്റെ അന്തിമവിധിക്ക് വിധേയമായി മാത്രമേ, നിലവിലുള്ള സർക്കാർ ഉത്തരവ് പുതുക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly